**കേരള സർക്കാർ**

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് – നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിലെ ഒന്നാം സെമസ്റ്റർ CABM എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായ ശ്രീ. മുഹമ്മദ് ജുനൂഫിന്റെ ഹാജർ കുറവ് മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ (സാധാ)നം.2074/2018/ഉവിവ      തീയതി, തിരുവനന്തപുരം, 16/11/2018.

---

പരാമർശം: 1. ശ്രീ . മുഹമ്മദ് ജുനൂഫിന്റെ 3.11.2018 ലെ അപേക്ഷ.

2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 13/11/2018 ലെ സി2/40302/2018 (2) നമ്പർ കത്ത്.

**ഉത്തരവ്**

നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിലെ ഒന്നാം സെമസ്റ്റർ CABM എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായ ശ്രീ. മുഹമ്മദ് ജുനൂഫ് തനിക്ക് ഒന്നാം സെമസ്റ്ററിൽ 57 % അറ്റൻഡൻസ് മാത്രമേയുള്ളുവെന്നും ആയത് മാപ്പാക്കി പരീക്ഷ എഴുതുവാൻ അനുവദിക്കണമെന്നും പരാമർശം ഒന്നിലെ കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു .

2. പരാമർശം (2) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നല്കിയ റിപ്പോർട്ടിലെ വസ്തുതകളുടെ അടിസ്ഥാനത്തിൽ, നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിലെ ഒന്നാം സെമസ്റ്റർ CABM എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായ ശ്രീ. മുഹമ്മദ് ജുനൂഫിന്റെ ഹാജർ കുറവ് ഇതിനാവശ്യമായ ഫീസ് ടിയാൻ ഒടുക്കേണ്ടതാണ് എന്നും ഭാവിയിൽ ഹാജർ കുറവ് വരുത്താതിരിക്കണമെന്നും തുടർന്നുള്ള ക്ലാസ്സുകളിൽ മെച്ചപ്പെട്ട അധ്യയന നിലവാരം പുലർത്തണമെന്നും ഉള്ള നിബന്ധനകളിന്മേൽ മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**തരുൺലാൽ എസ്.**

ഡെപ്യൂട്ടി സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സാങ്കേതിക പരീക്ഷാ ജോയിന്റ് കൺട്രോളർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, നെയ്യാറ്റിൻകര.
ശ്രീ. മുഹമ്മദ് ജുനൂഫ്, ഒന്നാം സെമസ്റ്റർ CABM എഞ്ചിനീയറിംഗ് വിദ്യാർത്ഥി,
ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, നെയ്യാറ്റിൻകര (പ്രിൻസിപ്പൽ മുഖേന).
വിവരപൊതുജന സമ്പർക്ക വകുപ്പ് (വെബ് &ന്യൂ മീഡിയ)
www.highereducationkerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.